**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ** | | **null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്ഥിര വരുമാനം, സാമൂഹ്യ സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554/- രൂപയും മത്സ്യത്തൊഴിലാളി യുടേത് 81,494/- രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആഴക്കടലിലേക്കാതെയുള്ള മത്സ്യബന്ധനത്തിനും മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിനും ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന പദ്ധതിയ്ക്ക് 2020 - 21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ pilot പ്രോജക്ട് ആയി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന പത്ത് മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ |

| | | | |
|---|---|---|---|
| | | | അംഗങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികൾ, ജീവൻ രക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, എഞ്ചിനുകളുടെ പരിപാലനം, എന്നിവയിൽ CIFNET വഴി പരിശീലനം നൽകുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മൽസ്യം കേട്ടുകൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻ സുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകി നടപ്പാക്കി വരുന്നു. |
| (സി) | ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള യാനങ്ങൾ, വല, ജി.പി.എസ്. തുടങ്ങിയ ഉപകരണങ്ങൾ സബ്സിഡിയിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; സബ്സിഡിയിൽ കേന്ദ്ര, സംസ്ഥാന വിഹിതം എത്രയാണെന്ന് വിശദമാക്കാമോ? | (സി) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. . 1200 ലക്ഷം രൂപയാണ് ആകെ പദ്ധതി തുക. ഇതിൽ 288 ലക്ഷം രൂപ കേന്ദ്ര വിഹിതവും 192 ലക്ഷം രൂപ സംസ്ഥാന വിഹിതവും ബാക്കി 720 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും/ബാങ്ക് വായ്പയും ആണ്. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 120 FRP ബോട്ടുകൾ സൗജന്യമായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയിൽ കടൽസുരക്ഷാ ഉപകരണ ങ്ങളായ GPS, Echosounder, Life jacket, Life buoy എന്നിവയും സൗജന്യമായി നൽകിവരുന്നു. 988.80 ലക്ഷം രൂപയുടെ പദ്ധതിയിൽ 794.4 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും (CMDRF) 194.40 ലക്ഷം രൂപ കേന്ദ്ര വിഹിതവുമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ജി.പി. എസുകളും ലൈഫ് ബോയെകളും 75% സബ്സിഡി നിരക്കിൽ സംസ്ഥാന പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി 2017-18 വർഷം മുതൽ അനുവദിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സമ്പാദ്യ സമാശ്വാസ പദ്ധതി

2. പുനർഗേഹം– തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ

3.വിദ്യാഭ്യാസ സഹായ പദ്ധതികൾ

4. മത്സ്യബന്ധനയാനങ്ങശക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.

5.സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.

6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.

7.പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധന ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.

8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)

9.മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി തീരോന്നതി പദ്ധതിയിൽ ഉൾപെടുത്തിക്കൊണ്ടുള്ള തീരാരോഗ്യം പദ്ധതി

10. ഓഖി പുനരധിവാസ പദ്ധതികൾ.

11. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

12 കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

13.മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

14. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ.